**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3083** **25-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തന പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തന പരിധി വിശദമാക്കാമോ; | (എ) | കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ പ്രവർത്തന പരിധി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി മത്സ്യഗ്രാമം, കന്നത്തൂർ താലൂക്കിലെ ഉൾനാടൻ പ്രദേശങ്ങൾ ഉൾപ്പെട്ട കരുനാഗപ്പള്ളി ഉൾനാടൻ മത്സ്യഗ്രാമം, മരുതൂർകുളങ്ങര മത്സ്യഗ്രാമം (മറൈൻ),കുലശേഖരപുരം മത്സ്യഗ്രാമം (മറൈൻ) എന്നിവയാണ്. |
| (ബി) | എല്ലാ പ്രവൃത്തി ദിവസങ്ങളിലും തുറന്ന് പ്രവർത്തിച്ചിരുന്ന കെ. എസ് .പുരം ഫിഷറീസ് ഓഫീസ് നിലവിൽ അത്തരത്തിൽ പ്രവർത്തിക്കാത്തതിനുള്ള കാരണം അറിയിക്കുമോ; | (ബി) | കെ.എസ്.പുരം ഫിഷറീസ് ഓഫീസറായിരുന്ന ശ്രീമതി. അനുപമ.ജെ 15/02/2024 മുതൽ 12/08/2024 വരെ (180 ദിവസത്തെ) മാതൃത്വ അവധിയിൽ പ്രവേശിച്ചിരുന്നു. ടിയാളുടെ അന്യത്ര സേവന കാലാവധി 31.05.2024-ൽ അവസാനിച്ചതിനെ തുടർന്ന് മാതൃവകുപ്പിലേക്ക് വിടുതൽ ചെയ്തിരുന്നു. തുടർന്ന് കെ.എസ്.പുരം ഫിഷറീസ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവിൽ ചെറിയഴിക്കൽ ഫിഷറീസ് ഓഫീസർ ശ്രീ.ഷാജി.എസ്-ന് കെ.എസ്.പുരം ഫിഷറീസ് ഓഫീസിന്റെ അധിക ചുതമല നൽകിയിട്ടുണ്ട്.<br><br>ചെറിയഴീക്കൽ ഫിഷറീസ് ഓഫീസർക്ക് കുഴിത്തുറ ഫിഷറീസ് ഓഫീസിന്റെയും പൂർണ്ണ അധിക ചുമതല ഉണ്ട്. മൂന്ന് ഫിഷറീസ് ഓഫീസുകളുടെ ചുമതല ഉള്ളതിനാൽ ബുധൻ, ശനി ദിവസങ്ങളിലാണ് കെ.എസ്.പുരം ഫിഷറീസ് ഓഫീസ് നിലവിൽ തുറന്ന് പ്രവർത്തിക്കുന്നത്. |
| (സി) | പ്രസ്തുത ഓഫീസ് എല്ലാ പ്രവൃത്തി ദിവസവും പ്രവർത്തിക്കാത്തത് കാരണം കരുനാഗപ്പള്ളി, ശാസ്താംകോട്ട എന്നീ താലൂക്കുകളിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്ക് ഓഫീസിൽ എത്തുന്ന തൊഴിലാളികൾ സേവനം | (സി) | കെ.എസ്.പുരം ഫിഷറീസ് ഓഫീസ് എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റൊരു ഫിഷറീസ് ഓഫീസർക്ക് അധികച്ചുമതല നൽകിയിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | കിട്ടാതെ തിരികെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ബുദ്ധിമുട്ട് ഉണ്ടാക്കാത്ത തരത്തിൽ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്ന തീയതി ഓഫീസിനു മുന്നിൽ പൊതു ജനങ്ങളുടെ അറിവിലേക്കായി എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസ് എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത ഓഫീസ് എല്ലാ പ്രവൃത്തി ദിവസങ്ങളിലും പ്രവർത്തിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഡി) | കെ.എസ്.പുരം ഫിഷറീസ് ഓഫീസ് എല്ലാ ദിവസവും തുറന്ന് പ്രവർത്തിക്കാത്തതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റൊരു ഫിഷറീസ് ഓഫീസർക്ക് അധികച്ചുമതല നൽകിയിരിക്കുന്നതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത തരത്തിൽ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്ന തീയതി ഓഫീസിനു മുന്നിൽ പൊതു ജനങ്ങളുടെ അറിവിലേക്കായി എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഓഫീസ് എല്ലാ പ്രവർത്തി ദിവസങ്ങളിലും പ്രവർത്തിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ